# പതിമൂന്നാം കേരള നിയമസഭ
# പതിനാറാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ.449 9/02/2016-ൽ മറുപടിക്ക്**

## ത്രീഫേസ് മീറ്ററുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീമതി. പി. അയിഷാ പോറ്റി | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജ വകുപ്പ് മന്ത്രി) |
| (എ) വൈദ്യുതി ബോർഡിൽ മാസങ്ങൾക്ക് മുൻപ് എൽ & ടി യിൽ നിന്നും എത്ര ത്രീഫേസ് മീറ്ററുകളാണ് വാങ്ങിയിരുന്നത്; | (എ) 70,000 എണ്ണം |
| (ബി) പ്രസ്തുത മീറ്ററുകൾ വാങ്ങുന്നതിന് ആകെ ചെലവായ തുക എത്രയാണ്; | (ബി) ₹. 11,97,62,300.00 |
| (സി) പ്രസ്തുത മീറ്ററുകൾ കൂടുതലും ഉപയോഗ ശൂന്യമാണ് എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) വാങ്ങിയ അപൂർവ്വം ചില മീറ്ററുകളിൽ ആകെ ഉപഭോഗം രേഖപ്പെടുത്തുന്നതിൽ സോഫ്റ്റ് വെയർ കറക്ഷൻ (ഫേം വെയർ അപ്ഗ്രഡേഷൻ) ആവശ്യമായി വന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) മീറ്ററുകൾ വാങ്ങുന്നതിന് ഏർപ്പെടുത്തിയിരുന്ന ഗുണപരിശോധന സംവിധാനം വിശദമാക്കുമോ? | (ഡി) പർച്ചേസ് ഓർഡറിലെ ഡെലിവറി ഷെഡ്യൂൾ പ്രകാരം കമ്പനികൾ ഓഫർ ചെയ്യുന്ന മീറ്ററുകൾ അവിടെ നിന്നും പായ്ക്ക് ചെയ്യുന്നതിനു മുൻപ് അവരുടെ തന്നെ ഫാക്ടറികളിൽ വെച്ച് ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു പ്രീ-ഡെസ്പാച്ച് ഇൻസ്പെക്ഷൻ, കെ.എസ്.ഇ.ബി. ലിമിറ്റഡ് നിയോഗിക്കുന്ന ഒരു എഞ്ചിനീയറുടെ സാന്നിദ്ധ്യത്തിൽ നടത്താറുണ്ട്. |

(....2)

ഈ പരിശോധനയിൽ ഗുണമേന്മ ഉറപ്പു വരുത്തുന്ന മീറ്ററുകൾ മാത്രമാണ് കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ നിർദ്ദേശ പ്രകാരം ടി. എം. ആർ. ഡിവിഷനുകളിൽ എത്തിക്കുന്നത്. ഇതു കൂടാതെ ടി.എം. ആറുകളിൽ എത്തുന്ന മീറ്ററുകളെ ഇന്ത്യൻ സ്റ്റാൻഡേർഡ് നിഷ്കർഷിക്കുന്ന പ്രകാരം ഒരു അഡീഷണൽ ആക്സെപ്റ്റൻസ് ടെസ്റ്റിനും വിധേയമാക്കുന്നു.

കെ.എസ്.ഇ.ബി.ലിമിറ്റഡിന്റെ ടി.എം. ആർ.ഡിവിഷനിലെ എഞ്ചിനീയർമാരാണ് ഈ പരിശോധന നടത്തുന്നത്. ഇതിൽ ഗുണനിലവാരം കുറഞ്ഞ മീറ്ററുകൾ തള്ളപ്പെടുന്നു. ഗുണമേന്മ തെളിയിക്കപ്പെട്ട മീറ്ററുകൾ മാത്രമാണ് ഫീൽഡിലേക്ക് നല്കുന്നത്.

**സെക്ഷൻ ഓഫീസർ**